(സി) കണ്ണൂർ ജില്ലാ ലൈബ്രറി കൗൺസിലിന് പതിച്ചു കൊടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം, ഇപ്പോൾ ടി സ്ഥാപനം പാട്ടത്തിന് കൈവശം വച്ചിരിക്കുന്നതും, പാട്ടക്കുടിശ്ശിക ഒടുക്കുവാൻ ബാക്കിയുള്ളതുമാണ്. ടി സ്ഥാപനത്തിൽ നിന്നും പാട്ടക്കുടിശ്ശിക ഈടാക്കിയതിനുശേഷം ഭൂമി പതിവ് നടപടികൾ സ്വീകരിക്കുന്നതാണ്.

**പുറമ്പോക്ക് ഭൂമി പതിച്ചു കൊടുക്കുന്നതിന് നടപടി**

6 [3526] *ശ്രീ. എ. എ. അസീസ്:*

*„ കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റു പുറമ്പോക്ക്, കുളം പുറമ്പോക്ക് എന്നിവിടങ്ങളിലെ ഭൂമി പതിച്ചു കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഏതുതരം അപേക്ഷകർക്കാണ് പ്രസ്തുത ഭൂമി പതിച്ചു കൊടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) നിലവിലുള്ള ഭൂമി പതിവ് ചട്ടങ്ങൾ അനുസരിച്ചും ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 17-6-1997-ലെ ഒ.പി. നം. 17233/1996 ബി-യിലെ ഉത്തരവ് പ്രകാരവും ഇത്തരം പുറമ്പോക്കുകൾ പതിച്ചു നൽകാവുന്നതല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

**"റഗുലേറ്റഡ് മാർക്കറ്റ് സ്ഥലം കൈമാറുന്നതിന് നടപടി"**

7 [3527] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാംപ്രയിൽ സ്ഥിതിചെയ്യുന്ന റഗുലേറ്റഡ് മാർക്കറ്റ് വകയായുള്ള സ്ഥലം വിട്ടുകൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പേരാംപ്ര ഗ്രാമ പഞ്ചായത്തിൽ നിന്നും എന്തെങ്കിലും അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധമായി എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥലം പഞ്ചായത്തിന് എപ്പോൾ കൈമാറുമെന്ന് അറിയിക്കാമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) & (സി) പ്രസ്തുത സ്ഥലത്തിന്റെ പഴയ ഉടമ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ അടിസ്ഥാനത്തിൽ കക്ഷിയുടെ വാദം കേട്ടശേഷം

LIBRARY ARCHIVES Kerala Legislative Assembly

ആകെയുള്ള 1.43 ഏക്കറിൽ നിന്ന് 1.36 ഏക്കർ സ്ഥലം പഴയ ഉടമയ്ക്ക് നൽകുവാൻ സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിനെതിരെ പേരാംപ്ര ഗ്രാമ പഞ്ചായത്ത് ഹൈക്കോടതിയിൽ നിന്ന് സ്റ്റേ സമ്പാദിക്കുകയുണ്ടായി. പ്രസ്തുത സ്റ്റേ ഇപ്പോഴും നിലവിലുണ്ട്. അതിനാൽ വിധിന്യായം ലഭിച്ചതിനുശേഷമേ അന്തിമ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

## നെല്ലനാട് വില്ലേജിലെ പാറമട

8 [3528] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് വില്ലേജിലുള്ള കോട്ടുകുന്നം മലയിലെ സർക്കാർവക പാറ തരിശ് ഉൾപ്പെടെയുള്ള ഭാഗത്ത് ക്രഷർ ഫാക്ടറി സ്ഥാപിക്കാൻ ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു തീരുമാനം എടുത്തു;

(സി) നെല്ലിനാട്, വാമനപുരം പഞ്ചായത്തുകളുടെ പ്രധാന നീർത്തടത്തിന്റെ ഉറവിട സ്ഥാനമായ ഈ മലയോര പ്രദേശത്തിന്റെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് ഈ പ്രദേശത്ത് പാറപൊട്ടിക്കൽ അനുവദിക്കാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

*ഉത്തരം*

(എ) & (ബി) ഇല്ല.

(സി) ശ്രീ. അബ്ദുൽ സലാം. കൊച്ചു കോയിക്കൽ, മുകുന്ദപുരം പി. ഒ. ചവറ എന്നയാൾക്ക് നെടുമങ്ങാട് താലൂക്കിലെ നെല്ലനാട് വില്ലേജിൽ കോട്ടുകുന്നത്ത് ബ്ലോക്ക് നമ്പർ 26-ൽ റീ സർവെ 65/3/, 65/13 എന്നീ സർവെ നമ്പരുകളിൽപ്പെട്ട സ്വന്തം പുരയിടത്തിൽ നിന്നും 22-1-2005 മുതൽ 21-3-2005 വരെയുള്ള കാലാവധിക്ക് 294/2004-05/52/ഡി.ഒ.റ്റി/ഇ.എം./2005-ാം നമ്പരായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും 200 മെ. ടൺ പാറ ഖനനം ചെയ്യുന്നതിന് ക്വാറിയിങ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഈ പെർമിറ്റ് നൽകിയിരുന്നത് മലയോര പ്രദേശത്തല്ല. പരിസ്ഥിതി പ്രശ്നങ്ങൾ ഒന്നും ഉണ്ടാവാൻ സാദ്ധ്യതയില്ല എന്നതിനാലാണ് ഇടക്കാല പെർമിറ്റ് ചെറിയ അളവിൽ അനുവദിച്ചിരിക്കുന്നത്.

## സ്പോർട്ട്സ് വികസനത്തിനായി സ്ഥലം നൽകുവാൻ നടപടി

9 [3529] *ശ്രീ. പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് സർക്കാർവക സ്ഥലങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly